## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 716 — 08.01.2014 - ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ | ഉണ്ട് |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി | കേരളത്തിലെ എല്ലാ ജനങ്ങൾക്കും കുറഞ്ഞ ചെലവിൽ കുറ്റമറ്റ രോഗനിർണ്ണയം നടത്തി മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്നതാണ് ബന്ധപ്പെട്ട പദ്ധതിയുടെ ലക്ഷ്യം |
| സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ; | സി | ലാബുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ സെമി ആട്ടോ അനലൈസർ ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഫർണീച്ചറുകളും ഈ പദ്ധതിയിലൂടെ അനുവദിച്ചു നൽകുന്നുണ്ട്. |
| ഡി) | ആയതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | ഡി | ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം 500 ലാബുകൾ തെരെഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബിലേക്കാവശ്യമായ ഉപകരണങ്ങളും മറ്റ് അനുബന്ധ സാധന സാമഗ്രികളും തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലേക്ക് വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (KMSCL) നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ